## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1669 21.03.2012-ൽ മറുപടിയ്ക്ക്

### കാക്കനാട് കെ. ബി. പി. എസ് ജീവനക്കാരുടെ പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാക്കനാട് കെ.ബി.പി.എസ്. ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ച് മുൻ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും തീരുമാനം എടുത്തിരുന്നോ എന്നു വ്യക്തമാക്കാമോ; | **(എ)** മുൻ സർക്കാരിന്റെ കാലത്ത് കെ.ബി.പി.എസ്സിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയും കുടുംബ പെൻഷൻ പദ്ധതിയും ആവിഷ്കരി ക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;<br><br>(സി) തീരുമാനം അടിയന്തിരമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ? | **(ബി) യും (സി) യും**<br><br>നിലവിലുള്ള എംപ്ലോയീസ് കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ടിൽ നിന്ന് വിട്ടുതൽ നേടി അതിൽ നിന്നും നിക്ഷേപം നിർദ്ദിഷ്ട പങ്കാളിത്ത പെൻഷൻ പദ്ധതിയിലേക്കും കുടുംബ പെൻഷൻ പദ്ധതിയിലേക്കും മാറ്റി പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദിഷ്ട പെൻഷൻ പദ്ധതി എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആന്റ് മിസലേനിയസ് ആക്ട് 1952-ലെ സെക്ഷൻ 17 പ്രകാരം കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. |

Pushpa Kumari

സെക്ഷൻ ഓഫീസർ